(സി) ഫെസ്റ്റിവലിന്റെ നിർവ്വാഹകസമിതിയും ഉന്നതതല സമിതിയുംകൂടി വേണ്ട നിർദ്ദേശങ്ങൾ ഫെസ്റ്റിവലിന്റെ ഡയറക്ടർക്ക് അതത് സമയത്ത് നൽകുന്നു. നേരത്തെ വിവിധ ഏജൻസികൾ ഏറ്റെടുത്തു നടത്തിവന്ന പ്രവർത്തനം ഓരോ സീസണിലും ക്രമാനുഗതമായി കുറയ്ക്കുകയും ഇവ ജി.കെ.എസ്.എഫ്. നേരിട്ട് സംഘടിപ്പിക്കുകയുമാണ് ചെയ്യുന്നത്. ചെലവിനത്തിൽ ഏജൻസികൾക്ക് നൽകിയ കമ്മീഷൻ, സർവ്വീസ് ചാർജ്ജ് തുടങ്ങിയ ഇനങ്ങളിൽ മുൻസീസണുകളിൽ ചെലവഴിക്കപ്പെട്ട തുകയുടെ നല്ലൊരു ശതമാനം ലാഭിക്കാൻ ഇപ്രാവശ്യം കഴിഞ്ഞു. സീസൺ 9-ൽ ഫുഡ് വിതരണം കാൾ സെന്റർ തുടങ്ങിയവ ജി.കെ.എസ്.എഫ്. നേരിട്ടാണ് നടത്തിയത്. അത്യാവശ്യ മേഖലകളിൽ മാത്രമാണ് പുറത്തുനിന്നുള്ള ഏജൻസികളുടെ സേവനം ലഭ്യമാക്കിയിട്ടുള്ളത്. ഇത്തരം പ്രവൃത്തികൾ വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ എം.പാനൽ ചെയ്തിരിക്കുന്ന ഏജൻസികളെയാണ് പ്രയോജനപ്പെടുത്തിയിരിക്കുന്നത്.

അടിസ്ഥാന സൗകര്യ വികസന രംഗം

320(1021) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര വകുപ്പ് 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും അടിസ്ഥാന സൗകര്യ വികസന രംഗത്ത് ഭരണാനുമതി നൽകിയിരുന്ന പദ്ധതികളിൽ എത്രയെണ്ണം ഇനിയും നിർമ്മാണം പൂർത്തിയാക്കുകയോ ആരംഭിക്കുകയോ ചെയ്യാതെ കിടപ്പുണ്ടെന്ന് വിശദമാക്കുമോ;

(ബി) മേല്പറഞ്ഞ കാലയളവിൽ ഭരണാനുമതി നൽകിയ എത്ര വർക്കുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ, എത്ര തുക ട്രഷറിയിൽ നിന്നും പിൻവലിക്കാതെ കിടപ്പുണ്ട്;

(സി) നിർമ്മാണ പ്രവൃത്തി പൂർണ്ണമായും പൂർത്തീകരിക്കാതെ ഉദ്ഘാടനം നിർവ്വഹിക്കപ്പെട്ട വർക്കുകൾ ഏതൊക്കെയാണ്; ഉദ്ഘാടനം നിർവ്വഹിച്ചതിനു ശേഷവും പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെ;

(ഡി) ഭരണാനുമതി നൽകിയെങ്കിലും ടെണ്ടർ വിളിച്ചിട്ടില്ലാത്ത എത്ര വർക്കുകൾ ഉണ്ട്;

(ഇ) എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം നിർദ്ദേശിക്കപ്പെട്ട എത്ര വർക്കുകൾ നടപ്പിലാക്കാൻ സാധ്യമായിട്ടില്ല?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിശദ വിവരം ചുവടെ ചേർക്കുന്നു:

സാമ്പത്തിക വർഷം	അടിസ്ഥാന സൗകര്യ വികസനത്തിന് ഭരണാനുമതി നൽകിയ പദ്ധതികൾ
2011-12	69
2012-13	95
2013-14	111
2014-15	84
2015-16	132
ആകെ	491

ടി പദ്ധതികളിൽ ഇതുവരെ നിർമ്മാണം ആരംഭിക്കാത്ത പദ്ധതികൾ 37 എണ്ണമാണ്. ഇതിൽ 2 പദ്ധതികൾ CRZ അനുമതി ലഭിക്കാത്തതുകൊണ്ടും ബാക്കിയുള്ളത് മറ്റ് പ്രാദേശിക പ്രശ്നങ്ങളാലുമാണ് ആരംഭിക്കാൻ കഴിയാത്തത്.

(ബി) 2011-12 സാമ്പത്തികവർഷം വകുപ്പിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച 28.37 കോടി രൂപയിൽ 11.65 കോടി രൂപയും 2012-13 സാമ്പത്തിക വർഷം വകുപ്പിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച 38.08 കോടി രൂപയിൽ 3.88 കോടി രൂപയും TSB അക്കൗണ്ടിൽ നിലവിലുണ്ട്.

(സി) ഇല്ല.

(ഡി) പുതുതായി ഭരണാനുമതി ലഭിച്ച 35 പദ്ധതികൾ.

(ഇ) ഇല്ല.

ബേക്കൽ ടൂറിസം വികസനം

321(1022) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസം വികസനത്തിന്റെ കൂതിച്ചുചാട്ടത്തിനായി പെരിയയിൽ എയർസ്ട്രിപ്പ് ആരംഭിക്കുന്നതിന് കഴിഞ്ഞ സർക്കാർ പ്രാഥമികാനുമതി നൽകിയിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly